2

# മത്തായിയുടെ പുസ്തകം

## ക്രിസ്തു എന്ന, രാജാവ്

പുതിയനിയമ പുസ്തകങ്ങളിൽ ആദ്യത്തേതും സുവിശേഷ വിവരണങ്ങളിൽ ആദ്യത്തേതുമാണ് മത്തായിയുടെ പുസ്തകം. പുതിയനിയമ പുസ്തകങ്ങളുടെ എല്ലാ ആദ്യത്തെ ലിസ്റ്റിലും പ്രായോഗികമായി ആദ്യം വരുന്നതാണ് അത്. ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള മറ്റു മൂന്നു പുതിയനിയമ വിവരണങ്ങൾക്ക് മുൻപ് എഴുതപ്പെട്ടതു കൊണ്ടായിരിക്കാം, അതു ആദ്യം വരുവാനുള്ള കാരണം, എന്നു ഒരു പുരാതന സമ്പ്രദായം (ദൈവശ്വാസിയമല്ലാത്ത) വ്യക്തമാക്കുന്നു. നാലു വിവരണങ്ങളിലും വെച്ച് അതു കൂടുതൽ പ്രചാരമുള്ളതാണ് എന്നതും അതു ആദ്യം വരുവാനുള്ള മറ്റൊരു കാരണമായിരിക്കാം: രണ്ടും മൂന്നും നൂറ്റാണ്ടിലെ ക്രിസ്തീയ എഴുത്തുകാർ മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവരുടെ പുസ്തകത്തിലുള്ളതിനേക്കാൾ കൂടുതൽ ഉദ്ധരിച്ചിട്ടുള്ളത് പലപ്പോഴും മത്തായിയുടെ പുസ്തകത്തിൽ നിന്നാണ്.

അത് ആദ്യം വരുവാനുള്ള കാരണം എന്തായാലും, മത്തായിയുടെ പുസ്തകത്തിന്റെ പ്രാധാന്യവും നിലപാടും അതിനെ പഴയനിയമവും പുതിയനിയമവും തമ്മിൽ ബന്ധിപ്പിക്കുവാൻ തികവുള്ളതാക്കുന്നു. യെഹൂദന്മാർ ദീർഘകാലമായി കാത്തിരുന്ന അവരുടെ രാജാവായ, മശിഹയെ നോക്കി ഇരിക്കുന്നതായാണ് പഴയനിയമം അവസാനിപ്പിക്കുന്നത്. മത്തായിയുടെ പുസ്തകത്തിൽ *യേശു*വാണ് ആ രാജാവ് എന്നു പറഞ്ഞുകൊണ്ടാണ് പുതിയനിയമം ആരംഭിക്കുന്നത്!

### മത്തായിയുടെ പുസ്തകത്തിനുള്ള മുഖവുര

#### പുസ്തകത്തിന്റെ എഴുത്തുകാരൻ

("മത്തായി എഴുതിയ സുവിശേഷം") മത്തായിയുടെ പുസ്തക ത്തിലെ ലേഖനം ഒരു പക്ഷെ മൂല വാല്യത്തിൽ[1] കണ്ടിരിക്കുവാനിടയില്ല. എന്നിരുന്നാലും, പ്രാരംഭ എഴുത്തുകാരെല്ലാം ഇന്നു ആ പേരു വഹിക്കുന്ന[2] പുസ്തകം മത്തായി എഴുതിയതാണെന്നു തന്നെ ഐകകണ്ഠമായി വിശ്വസിക്കുന്നു. മത്തായിയുടെ[3] വ്യക്തിത്വത്തെ കുറിച്ച് അറിഞ്ഞിരിക്കുന്ന കുറച്ചു കാര്യങ്ങളുമായി ആ പുസ്തകത്തിന്റെ സ്വഭാവം യോജിക്കുന്നു.

മത്തായി, എന്ന പേരിന്റെ അർത്ഥം "ദൈവത്തിന്റെ ദാനം" എന്നാണ്, അവനു ലേവി എന്ന പേരുമുണ്ട്, അതിനർത്ഥം "ഐക്യത്തിൽ ചേർന്നത്" എന്നാണ്. (മർക്കൊസ് 9:9–നെ മർക്കൊസ് 2:14–മായി താരതമ്യം ചെയ്യുക.)[4] അവൻ ഗലീലി കടൽക്കരയുടെ വടക്കുപടിഞ്ഞാറുള്ള ഒരു വലിയ പട്ടണമായിരുന്ന, കഫർന്നഹൂമിൽ താമസിച്ചിരുന്നു (മർക്കൊസ് 2:1, 14), അവന്റെ അപ്പന്റെ പേർ അൽഫായി (മർക്കൊസ് 2:14) എന്നുമായിരുന്നു.

റോമാ സർക്കാരിന്റെ ഒരു ചുങ്കം പിരിക്കുന്ന[5] ജോലിക്കാരനായിരുന്നു മത്തായി (മത്തായി 10:3). മിക്ക യെഹൂദന്മാരും അവനെ ഒരു രാജ ദ്രോഹിയായിട്ടാണ് കണക്കാക്കിയിരുന്നത്. അവരുടെ മനസിൽ "ചുങ്കക്കാർ" എന്നതും "പാപികൾ" എന്നതും ഒരേ തരക്കാരായിരുന്നു (മത്തായി 9:10, 11; 11:19 നോക്കുക).

ഒരു ദിവസം കഫർന്നഹൂമിൽ വെച്ച് ചുങ്കം പിരിക്കുന്ന സ്ഥലത്ത് ഇരിക്കുന്ന മത്തായിയെ യേശു കണ്ടിട്ട് അവനോട് പറഞ്ഞു, ''എന്നെ അനുഗമിക്ക.'' ചുങ്കക്കാരൻ ''സകലവും വിട്ട്, എഴുന്നേറ്റു അവനെ അനുഗമിച്ചു" (ലൂക്കൊസ് 5:27, 28). അവനെ വിളിച്ചതിനുശേഷം ഉടനെ, മത്തായി മറ്റു ചുങ്കക്കാരെയും സമൂഹം തള്ളിക്കളഞ്ഞവരെയും ഭക്ഷണത്തിനു ക്ഷണിച്ചു (മത്തായി 9:9–17; ലൂക്കൊസ് 5:29–39).

പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരു പറയുന്ന ലിസ്റ്റിലെല്ലാം മത്തായിയുടെ പേരുമുണ്ട് (മത്തായി 10:3; മർക്കൊസ് 3:18; ലൂക്കൊസ് 6:15; പ്രവൃത്തികൾ 1:13). പ്രവൃത്തികൾ 1 മുതൽ 7 വരെയുള്ളതിൽ പറഞ്ഞി രിക്കുന്ന യെരുശലേമിൽ അപ്പൊസ്തലന്മാർ ചെയ്ത പ്രവർത്തികളിൽ മത്തായിയും ഉൾപ്പെട്ടിരിക്കാം, എന്നാൽ അതിനപ്പുറമായി അവന്റെ ശുശ്രൂഷയെ കുറിച്ച് നമുക്ക് വിശ്വസിക്കത്തക്ക തെളിവൊന്നുമില്ല. അവൻ പത്തൊൻപതു വർഷത്തോളം യെഹൂദ്യയിൽ പ്രസംഗിച്ച ശേഷം വേറെ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തു എന്നു ആദ്യകാലത്തെ ദൈവശ്വാസീ യമല്ലാത്ത പാരമ്പര്യം പറയുന്നുണ്ട്. അതേ വിശ്വാസം തന്നെ പറയുന്നത് അവൻ തന്റെ സുവിശേഷ വിവരണങ്ങൾ എഴുതിയത് "അവന്റെ സ്വന്തം അസാന്നിദ്ധ്യത്തെ, എഴുത്തിലൂടെ"[6] നൽകുവാനാണ് എന്നാണ്.

**പുസ്തകത്തെ കുറിച്ച് ഒരു ചോദ്യം**

ആദ്യ എഴുത്തുകാരിൽ പലരും പറയുന്നത് ഒന്നാം നൂറ്റാണ്ടിൽ ഉപയോഗിച്ചിരുന്ന അരാമ്യ ഭാഷയിൽ മത്തായി ആദ്യമായി പുസ്ത കമെഴുതുകയും അതിനെ പിന്നീട് ഗ്രീക്കിലേക്ക് തർജ്ജിമ ചെയ്തത്, മത്തായിയോ മറ്റാരെങ്കിലുമോ ആയിരിക്കാമെന്നാണ്. മെറിൽ ടെന്നി എഴുതിയത് എന്തെന്നാൽ ആ പാരമ്പര്യത്തെ ''തുടർച്ചയായി തള്ളി ക്കളഞ്ഞിരിക്കയാണ്, കാരണം സുവിശേഷത്തിന്റെ ഭാഷക്ക് അത് ഗ്രീക്ക് തർജ്ജിമയാണെന്നുള്ളതിന്റെ[7] ലക്ഷണമൊന്നും ഇല്ലാത്തതു കൊണ്ടും അരാമ്യ ഭാഷയിൽ ഉള്ള മൂല ഗ്രന്ഥം ഒന്നും അവശേഷി ക്കാത്ത തുകൊണ്ടുമാണ്." ജാക്ക് ലൂയിസ് പറഞ്ഞത് "ഭൂരിഭാഗം പണ്ഡിതന്മാരും" ഉറച്ചു വിശ്വസിക്കുന്നത് "നമ്മുടെ ഈ പുസ്തകം ഗ്രീക്കിൽ എഴുതിയ ഗ്രീക്കു പുസ്തകമാണെന്നാണ്" കൂടാതെ, "പ്രാചീന അരാമ്യ ഭാഷയിൽ നിന്നുള്ള, കയ്യെഴുത്തു പ്രതിയോ, അരാമ്യ ഭാഷയാണെന്നുള്ളതിന്റെ തെളിവോ ഇപ്പോൾ അവശേഷിക്കു ന്നില്ല"[8] എന്നും പറഞ്ഞു. മത്തായിയുടെ പുസ്തകത്തെ കുറിച്ചുള്ള നമ്മുടെ പഠനത്തിൽ, അരാമ്യയിലെഴുതിയ പ്രാചീന പുസ്തകമാണെ ന്നുള്ള അനുമാനം നമ്മെ വിചാരപ്പെടുത്തുന്നില്ല. മറിച്ച്, ദൈവം നമുക്കായി സൂക്ഷിച്ചിരിക്കുന്ന പുസ്തകത്തിൽ (ഗ്രീക്കിൽ എഴുതിയ) നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**പുസ്തകത്തിന്റെ ഉദ്ദേശം**

മത്തായി ഈ പുസ്തകം എഴുതിയപ്പോൾ അവന്റെ മനസിലുണ്ടായിരുന്നത് തന്റെ സഹപ്രവർത്തകരായ യെഹൂദന്മാരായിരുന്നു എന്നു സ്പഷ്ടം: യഹൂദ വംശാവലിയുമായാണ് അവൻ തുടങ്ങുന്നതു തന്നെ (1:1–17). പഴയനിയമത്തിലേക്കുള്ള ഏതാണ്ട് നൂറോളം പരോക്ഷ സൂചനകൾ അവൻ ഉൾപ്പെടുത്തിയിട്ടുണ്ട്, അതിൽ നാല്പതോളം നേരിട്ടുള്ള ഉദ്ധരണികളാണ്.[9] യേശു പഴയനിയമപ്രവചനം നിവർത്തിയാക്കി എന്നു അവൻ തുടർച്ചയായി ഊന്നി പറയുന്നുണ്ട് (നോക്കുക 1:23; 2:6, 15, 23). "ദാവീദിന്റെ സന്തതി" എന്നതുപോലെ, യെഹൂദന്മാർക്കു പരിചയമുള്ള വാക്കുകൾ അവൻ ഉപയോഗിച്ചിട്ടുണ്ട് (1:1, 20; 9:27). യേശുവിനെ അയച്ചതു "യിസ്രായേലിലെ കാണാതെ പോയ ആടുകളുടെ" അടുക്കലേക്കാണ് എന്നു അവൻ ഊന്നി പറഞ്ഞിട്ടുണ്ട് (15:14; കൂടാതെ 10:6–ഉം നോക്കുക).

യിസ്രായേലിന്റെ ദീർഘ–കാലമായി കാത്തിരുന്ന മശിഹ/രാജാവ് വന്നു എന്നു കാണിക്കുകയായിരുന്നു മത്തായിയുടെ ഉദ്ദേശം. ആദ്യ വാക്യത്തിൽ തന്നെ പുസ്തകത്തിന്റെ വിഷയം സൂചിപ്പിച്ചിട്ടുണ്ട്: "അബ്രഹാമിന്റെ പുത്രനായ, ദാവീദിന്റെ പുത്രനായ, യേശുക്രിസ്തുവിന്റെ വംശാവലി" (1:1).

> അബ്രഹാമും ദാവീദുമായി ദൈവം ഉണ്ടാക്കിയ രണ്ടു വലിയ നിയമങ്ങളുമായി ക്രിസ്തുവിനെ ബന്ധിപ്പിക്കുന്നതാണ് ആ പ്രസ്താവന. അവന്റെ സിംഹാസനത്തിൽ എന്നേക്കും ഒരു രാജാവിനെ ദൈവം ഇരുത്തും എന്ന വാഗ്ദാനമായിരുന്നു ദൈവം ദാവീദിനോടു ചെയ്ത നിയമം (2 ശമുവേൽ 7:8–13). അബ്രഹാമിനോടു ചെയ്ത നിയമത്തിലെ വാഗ്ദാനം അവൻ മുഖാന്തരം ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്നായിരുന്നു (ഉല്പത്തി 12:3).[10]

"മശിഹ" എന്ന വാക്ക് എബ്രായഭാഷയിൽനിന്നു വന്നതും അർത്ഥം "അഭിഷിക്ത[ൻ]" എന്നുമാണ്. ഗ്രീക്കിൽ അതിനു തുല്യമായ വാക്കാണ് "ക്രിസ്തു" (യോഹന്നാൻ 1:41). അഭിഷേകം ചെയ്യുക എന്നത് പുരോഹിതന്മാരെയും (പുറപ്പാട് 28:41; 29:7) മറ്റുള്ളവരെയും[11] നിയമിക്കുന്നതിൽ ഉപയോഗിച്ചിരുന്നു; എന്നാൽ "ദൈവത്തിന്റെ അഭിഷിക്തൻ" എന്ന് ഒരു യെഹൂദൻ കേൾക്കുമ്പോൾ, അവന്റെ മനസിൽ വരുന്നത് ഒരു *രാജാവാണ്* (1 ശമുവേൽ 10:1; 24:6; സങ്കീർത്തനങ്ങൾ 2:2, 6 നോക്കുക). യേശുവിന്റെ *രാജത്വം* എന്നതിനാണ് മത്തായിയുടെ വിവരണം ഊന്നൽ കൊടുത്തിരിക്കുന്നത്: വിദ്വാന്മാർ വന്നതു "യെഹൂദ ന്മാരുടെ രാജാവിനെ" നമസ്കരിക്കുവാനായിരുന്നു (2:2). എതിരാളിയായ ഒരു രാജാവിനെയാണ് ഹെരോദാവ് യേശുവിൽ കണ്ടത് (2:3–9). അവൻ ദാവീദിന്റെ സന്തതിയാണെന്നു ആളുകൾ തിരിച്ചറിഞ്ഞിരുന്നു (9:27; 15:22; 20:30). ഒരു രാജാവായിട്ടാണ് യേശു യെരുശലേമിൽ പ്രവേശിച്ചത് (21:1–11; വാ. 5 നോക്കുക). അവന്റെ ക്രൂശിന്മേലുണ്ടാ യിരുന്ന മേലെഴുത്ത് "യെഹൂദന്മാരുട രാജാവ്" എന്നായിരുന്നു (27:37). ഒരു നാൾ താൻ തന്റെ സിംഹാസനത്തിലിരുന്ന് ന്യായം വിധിക്കും എന്നരുളിച്ചെയ്തിരുന്നു (25:31–33).

എറിക് ഹെയ്ഡെൻ പറഞ്ഞു, മത്തായിയുടെ പുസ്തകത്തിൽ, "നമ്മെ

പരിചയപ്പെടുത്തിയിരിക്കുന്നത് രാജാവിന്റെ ഒരു സ്ഥാനാപതിയെയും (യോഹന്നാൻ സ്നാപകൻ[12]), രാജാവിന്റെ പരിശോധനാ സമയത്തെയും (അവന്റെ പരീക്ഷണങ്ങൾ), രാജാവിന്റെ പ്രകടനപത്രികയും (ഗിരി പ്രഭാഷണം), രാജാവിന്റെ ശുശ്രൂഷയെയും (അവന്റെ ഉപദേശവും അത്ഭുതങ്ങളും), രാജാവിനെ ത്യജിക്കലും, മരണവും ഉയിർത്തെഴുന്നേല്പുമാണ്."[13] *ലുക്ക് അറ്റ് ദ ബുക്ക്* എന്നതിന്റെ എഴുത്തുകാർ എഴുതി, "യേശു ഒരു രാജാവായി ജനിച്ചു, രാജാവിനെപോലെ ജീവിച്ചു, രാജാവിനെ പോലെ സംസാരിച്ചു, രാജാവിനെപോലെ മരിച്ചു, മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കുകയും രാജാധിരാജാവായി വീണ്ടും വരുമെന്നു വാഗ്ദാനവും ചെയ്തു."[14]

രാജാവിന്റെ *രാജ്യത്തി*ലും മത്തായി തന്റെ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. യോഹന്നാൻ സ്നാപകന്റെയും, യേശുവിന്റെയും, അവന്റെ ശിഷ്യന്മാരുടേയും അടിസ്ഥാന ഉപദേശം "സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നായിരുന്നു (3:2; 4:17; 10:7). "രാജ്യം" എന്ന വാക്ക് അമ്പതു പ്രാവശ്യത്തിൽ കൂടുതൽ മത്തായിയുടെ[15] പുസ്തകത്തിൽ വരുന്നുണ്ട്. ("സ്വർഗരാജ്യം" എന്ന പ്രയോഗം തന്നെ മുപ്പതിലധികം[16] പ്രാവശ്യം വരുന്നുണ്ട്.) പുസ്തകത്തിലെ മിക്ക ഉപമകളും ആരംഭിക്കുന്നത്, "സ്വർഗരാജ്യം ഇതുപോലെയാണ്" എന്നു പറഞ്ഞുകൊണ്ടാണ് (അദ്ധ്യായം 13-ലെ ഉപമ നോക്കുക).

യെഹൂദ വായനക്കാർക്കുവേണ്ടിയായിരിക്കാം മത്തായി എഴുതിയത്, എന്നാൽ യെഹൂദർക്കു *മാത്ര*മായിരുന്നില്ല. ദൈവശ്വാസീയതയാൽ, അപ്പൊസ്തലൻ എല്ലാവർക്കുമായിട്ടാണ് എഴുതിയത്. യേശു "ദാവീദിന്റെ സന്തതി" ആയിരുന്നു എന്നു മാത്രമല്ല, അവൻ "അബ്രഹാമിന്റെ സന്തതി" യും ആയിരുന്നു എന്ന് അവന്റെ വിവരണത്തിലെ ഒന്നാം വാക്യം പറയുന്നു. ഭൂമിയിലെ *സകല* വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്ന് അബ്രഹാമിന്നു കൊടുത്ത വാഗ്ദാനത്തിന്റെ നിറവേറലായിരുന്നു യേശു (ഉല്പത്തി 12:3; 22:18; ഗലാത്യർ 3:8). യെഹൂദന്മാർ അല്ലാത്തവരെ (ജാതികൾ) കുറിച്ചും മത്തായി ഇടക്കിടെ സൂചിപ്പിച്ചിട്ടുണ്ട് (4:14–16; 8:11, 12; 12:18, 21; 13:38; 15:22–28; 24:14). പുസ്തകത്തിന്റെ ആരംഭത്തിൽ, ജാതികളിൽ വിശിഷ്ടവ്യക്തികൾ യേശുവിനെ ആരാധിക്കുവാൻ വരുന്നതായി പറയുന്നുണ്ട് (2:2–12); പുസ്തകത്തിന്റെ അവസാനം, യേശു കല്പിക്കുന്നുണ്ട്, "ഭൂലോകത്തിൽ ഒക്കെയും പോയി *സകല* ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ" (28:19; എംഫസിസ് മൈൻ). യേശുവിനെ സർവ്വ ലോകത്തിന്റേയും രക്ഷകനായിട്ടാണ് മത്തായിയുടെ പുസ്തകം അവതരിപ്പിക്കുന്നത്.

**പുസ്തകത്തിന്റെ സവിശേഷത**

മത്തായിയുടെ പുസ്തകത്തിന്റെ സവിശേഷതകളധികവും അതിന്റെ ഉദ്ദേശവുമായി ബന്ധപ്പെട്ടിരിക്കയാണ്.

മുൻപു സൂചിപ്പിച്ചതുപോല, *പ്രവചന നിറവേറലി*ന് ഊന്നൽ കൊടുക്കുന്ന സുവിശേഷ വിവരണമാണിത്. ഇതു അല്ലെങ്കിൽ അത് നടന്നത് "പ്രവാചകൻ [അല്ലെങ്കിൽ പ്രവാചകന്മാർ] പറഞ്ഞത് നിറവേറുവാനാണ്" എന്നു, വീണ്ടും വീണ്ടും പറഞ്ഞിരിക്കയാണ് (മത്തായി 1:22; 2:15, 17, 23; 8:17 നോക്കുക). ക്രൂശീകരണം പ്രവചന നിവർത്തീകരണം ആയിരുന്നു

(യെഹൂദന്മാർക്ക് ഇടർച്ചവരുത്തുന്ന, 1 കൊരിന്ത്യർ 1:23) എന്ന പ്രത്യേക വസ്തുത മത്തായി പറഞ്ഞിട്ടുണ്ട് (26:54, 56; 27:9). പുസ്തകം അങ്ങനെ വ്യക്തമാക്കുന്നതു "ക്രിസ്ത്യാനിത്വം എന്നതു ഒരു കൂട്ടം മതഭ്രാന്തന്മാരുടെ ഒരു 'പുതിയ' മതം [ആയി] രുന്നില്ല, എന്നാൽ അതു എല്ലാ പ്രവാചക ന്മാരുടെയും മുന്നറിയിപ്പുകളുടെ[17] പൂർത്തീകരണം [ആയിരുന്നു]''[18] എന്നാണ്.

മുൻപു കണ്ടതുപോലെ, പുസ്തകത്തിനു *ശക്തമായ ഒരു യെഹൂദ പശ്ചാത്തലവുമുണ്ട്*. പഴയനിയമത്തിലും മശിഹ/രാജാവിലും അതു ഊന്നൽ കൊടുക്കുന്നതുകൂടാതെ, മത്തായിയുടെ കാലത്തെ യെഹൂദ മതത്തെയും അതിനോടൊപ്പം അതിന്റെ വ്യത്യസ്തമായ കാഴ്ച്ച പാടുകളെയും, അതിന്റെ ബാഹ്യമായ ഭക്തി പ്രവർത്തികളെയും, അതിന്റെ സ്നേഹാംഗീകാരത്തെയും, കൂടാതെ അതിന്റെ മതപരിവർ ത്തന പ്രവർത്തികളെയും[19] വ്യക്തമായി എടുത്തു കാണിക്കുന്നു.

യേശുവിന്റെ രാജത്വത്തിന് മത്തായി ഊന്നൽ കൊടുത്തിട്ടു ള്ളതുകൊണ്ടു, അവന്റെ വിവരണത്തിലുള്ള ചില വസ്തുതകൾ മറ്റു മൂന്നിലും കാണപ്പെടുന്നില്ല. അവൻ രേഖപ്പെടുത്തിയ പതിനഞ്ച് ഉപമകളിൽ, പതിനൊന്നെണ്ണം അവനു പ്രത്യേകതയുള്ളതാണ്. അവന്റെ പുസ്തക ത്തിലെ മൂന്ന് അത്ഭുതങ്ങൾ മറ്റൊരിടത്തും കാണുന്നില്ല. മത്തായിയുടെ പുസ്തകത്തിൽ, എല്ലാംകൂടെ ചേർത്ത് ഏതാണ്ട് മുപ്പതു ഭാഗങ്ങൾ അസാധാരണമായതും, അവയിൽ മിക്കവയും രാജാവും രാജ്യവുമായി ബന്ധപ്പെട്ട വിഷയത്തെ കുറിച്ചുള്ളവയുമാണ്.

*യേശുവിന്റെ ഉപദേശത്തിന്* പുസ്തകത്തിൽ ശക്തമായ ഊന്നൽ കൊടുത്തിട്ടുണ്ട്. യേശു രാജാവാണെങ്കിൽ, അവനു നിയമങ്ങൾ നിർമ്മിക്കുവാൻ അധികാരമുണ്ട്. ക്രിസ്തുവിന്റെ[20] അഞ്ചു വലിയ പ്രസംഗങ്ങൾ മത്തായി രേഖപ്പെടുത്തിയിട്ടുണ്ട്, അതിൽ അവന്റെ ഗിരിപ്രഭാഷണവും ഉൾപ്പെടുന്നു (5–7).

മത്തായി രേഖപ്പെടുത്തിയിരിക്കുന്നതായ യേശുവിന്റെ ഉപദേശത്തി ലുള്ള പ്രത്യേകമായ കാഴ്ച്ചപ്പാട് നിരീക്ഷിക്കേണ്ടതാണ്: നാലു സുവിശേഷ വിവരണങ്ങളിൽ, ഇതിൽ മാത്രമാണ് "സഭ" എന്ന വാക്ക് പറഞ്ഞിരിക്കുന്നത് (16:18; 18:17). യെഹോവയുടെ ഒരു ഇടവക അല്ലെങ്കിൽ സഭായോഗം എന്ന ആശയം യെഹൂദന്മാർക്ക് സുപരിചിതമായിരുന്നു (പുറപ്പാട് 12:3, 6, 19, 47).[21] കൂടാതെ, "പള്ളി" എന്ന വാക്കിന് "സഭ"[22] എന്നു തർജ്ജിമ ചെയ്ത ഗ്രീക്ക് വാക്കായ, *എക്ലേസിയ* എന്നതിന്റെ അർത്ഥവുമായി ചേർച്ചയുള്ളതാണ്. മശിഹയുടെ രാജ്യത്തെ കുറിച്ചുള്ള പ്രവചനങ്ങൾ ക്രിസ്തുവിന്റെ സഭയിൽ നിറവേറപ്പെടും എന്നു മത്തായി പറഞ്ഞു.

ഈ പുസ്തകത്തിൽ ഉള്ള പ്രത്യേകമായ *ക്ഷമാപണ സ്വഭാവമുള്ള ഘടക*ത്തെയും നിരീക്ഷിക്കേണ്ടതാണ്. ക്രിസ്തുവിന്റെ ജനന വിവരണം ആവശ്യമായിരുന്നതിന് ഒരു കാരണം യേശുവിന്റെ ജനനം നിയമ വിരുദ്ധമായിരുന്നുവെന്ന യെഹൂദന്മാരുടെ അപഖ്യാതികളെ നീക്കുന്നതി നായിരിക്കാം. 28:11–15 ശ്രദ്ധിക്കുക, അവിടെ ശൂന്യമായ കല്ലറയെ കുറിച്ച് യെഹൂദന്മാരുടെ പ്രചാരത്തിലിരിക്കുന്ന വിശദീകരണം മത്തായി എടുത്തു കാണിച്ചിട്ടുണ്ട്. വസ്തുതകളെ എടുത്തു കാണിച്ചുകൊണ്ട്, യഥാർത്ഥത്തിൽ, തന്റെ വായനക്കാർ ഏത് വശത്താണെന്ന് തീരുമാനിക്കുവാൻ മത്തായി

വെല്ലുവിളി ഉയർത്തിയിട്ടുണ്ട്: വിശ്വാസമുള്ള വശത്തോ അതോ അവിശ്വാസ മുള്ള വശത്തോ.

മറ്റു സുവിശേഷ വിവരണങ്ങളിലേതുപോലെ, നമ്മുടെ പാപങ്ങൾക്കു വേണ്ടിയുള്ള യേശുവിന്റെ മരണത്തെ കുറിച്ചു മത്തായിയുടെ സുവിശേഷത്തിലും പ്രാധാന്യത്തോടെ പറഞ്ഞിരിക്കുന്നു. പുസ്തകത്തിലെ മൊത്തം വസ്തുതകളിൽ 25 ശതമാനവും ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ കേന്ദ്രീകരിച്ചുള്ളതാണ്.

**പുസ്തകത്തിന്റെ തീയതി**

"ഇന്നേ ദിവസത്തോളം" എന്ന മത്തായിയുടെ പദപ്രയോഗം (27:8; 28:15) സൂചിപ്പിക്കുന്നത് സംഭവങ്ങളെ കുറിച്ചു അവനെഴുതിയതു മുതൽ സമയം കടന്നുപോയി എന്നാണ്. നേരെമറിച്ച്, പുസ്തകം തീർച്ചയായും യെരുശലേം നാശത്തിനു മുൻപുതന്നെ എഴുതപ്പെട്ടിരുന്നു (ഏ.ഡി. 70), അതു വ്യക്ത മായും അദ്ധ്യായം 24–ൽ മുന്നറിയിച്ചിരുന്നു. പുസ്തകം എഴുതപ്പെട്ടത് ഒരുപക്ഷെ ഏ.ഡി. 50–നും 70–നും ഇടയ്ക്ക് ആയിരിക്കാം. മിക്ക യാഥാസ്ഥിതിക എഴുത്തുകാരും സ്വീകരിച്ചിരിക്കുന്ന തീയതി ഏതാണ്ട് ഏ.ഡി. 60 ആണ്.

**പുസ്തകത്തിന്റെ വിഭജനങ്ങൾ**

സ്വാഭാവികമായ പല വിഭജനങ്ങളും മത്തായിയുടെ പുസ്തകത്തിൽ ഉൾപ്പെടുന്നുണ്ട്. "ആ സമയം മുതൽ" എന്ന 4:17–ലെയും 16:21–ലെയും വാക്കുകൾ ജീവചരിത്രവിഭജനങ്ങളെ വ്യക്തമാക്കുന്നു. അദ്ധ്യായം 4–ലെ വാക്യം 17 യേശുവിന്റെ ശുശ്രൂഷയുടെ ആരംഭത്തെ കാണിക്കുന്നു, എന്നാൽ 16:21 അവസാനത്തിന്റെ ആരംഭത്തെയും കാണിക്കുന്നു. അവന്റെ വലിയ പ്രസംഗങ്ങളുടെ അവസാനമുള്ള "യേശു അവസാനിപ്പിച്ചപ്പോൾ," എന്ന വാക്കുകൾ സ്ഥലസംബന്ധമായ വിഭജനങ്ങളെ സൂചിപ്പിക്കുന്നു (7:28; 11:1; 13:53; 19:1; 26:1).

ഈ സ്വാഭാവിക വിഭജന ഭാഗങ്ങളെ യോജിപ്പിച്ച് മനസ്സിലാക്കാവുന്ന ഒരു ബാഹ്യരൂപരേഖ ഉണ്ടാക്കൽ വെല്ലുവിളി തന്നെയാണ്. രണ്ടു വാക്കുകളിൽ ഒന്ന് പല ബാഹ്യരൂപരേഖകളിലുമുണ്ട്: "മശിഹ" അല്ലെങ്കിൽ "രാജാവ്." ടെന്നി അവന്റെ വിഭജനങ്ങളിൽ ഉപയോഗിച്ചത് "മശിഹ" എന്ന വാക്കാണ്: (1) മശിഹയെ കുറിച്ചുള്ള പ്രവചനങ്ങൾ തിരിച്ചറിഞ്ഞു, (2) മശിഹയുടെ തത്വങ്ങൾ അറിയിച്ചു, (3) മശിഹയുടെ ശക്തി വെളിപ്പെടുത്തി.[23] "രാജാവ്" എന്നും "രാജ്യം" എന്നുമുള്ള വാക്കുകൾ മിയേഴ്സ് ഉപയോഗിച്ചിരിക്കുന്നു: (1) രാജാവിന്റെ വരവ്, (2) രാജ്യത്തെ കുറിച്ചുള്ള പ്രഖ്യാപനം, (3) രാജാവിനെ ത്യജിക്കൽ, (4) രാജാവിന്റെ വിജയം.[24] ജോൺ ഫിലിപ്പ്സും അവന്റെ പുസ്ത കത്തിലെ തല വാചകങ്ങളിൽ "രാജാവ്"[25] എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. അവന്റെ മുഖ്യ വിഭജനങ്ങളാണ് താഴെ കൊടുത്തിട്ടുള്ള ബാഹ്യരേഖാരൂപത്തിന് എടുത്തിട്ടുള്ളത്.

## മത്തായിയുടെ പുസ്തകത്തിന്റെ ബാഹ്യരേഖാരൂപം

I. രാജാവിനെ വെളിപ്പെടുത്തി (1:1–9:38).
  A. യേശുവിന്റെ ശുശ്രൂഷക്കുവേണ്ട ഒരുക്കം.
    1. യേശുവിന്റെ വംശാവലി (1:1–17).
    2. യേശുവിന്റെ ജനനവും ശൈശവവും (1:18–2:23).
      a. വിദ്വാന്മാരുടെ സന്ദർശനം.
      b. മിസ്രയീമിലേക്ക് ഓടിപോകുന്നു.
      c. ശിശുക്കളെ കൊല്ലൽ.
      d. നസ്രേത്തിലേക്ക് മടങ്ങുന്നു.
    3. യേശുവിന്റെ സ്നാനം (3:1–17).
      a. യോഹന്നാൻ സ്നാപകന്റെ വേല (മശിഹയുടെ സൂചന).
      b. ആ പ്രവർത്തിയുടെ അവസാനഘട്ടം: യേശുവിന്റെ സ്നാനം.
    4. യേശുവിന്റെ പരീക്ഷണം (4:1–11).
  B. യേശുവിന്റെ ശുശ്രൂഷയുടെ ശക്തി.
    1. ഗലീലിയയിലെ അവന്റെ ശുശ്രൂഷയുടെ ആരംഭം (4:12–17; ആ ശുശ്രൂഷയിലെ ചുരുക്ക പ്രസ്താവനകൾ 4:23–25; 9:35–38 ൽ നോക്കുക).
    2. അവന്റെ ആദ്യ അദ്ധ്യക്ഷന്മാർ (4:18–22).
    3. ഗിരി പ്രഭാഷണം (5:1–7:29).
    4. ശക്തിയുള്ള അത്ഭുതങ്ങൾ (പ്രചാരവും വർദ്ധിക്കുന്നു; 8:1 നോക്കുക) – മറ്റു പല സംഭവങ്ങളും.
      a. ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കി (8:2–4).
      b. ഒരു ശതാധിപന്റെ ദാസനെ സൗഖ്യമാക്കി (8:5–13).
      c. പത്രൊസിന്റെ അമ്മായി-അമ്മ-യെയും മറ്റുള്ളവരെയും സൗഖ്യമാക്കി (8:14–17).
      d. ശിഷ്യന്മാർ ആയിരിക്കാം (8:18–22).
      e. തിരമാലകളെ ശാന്തമാക്കി (8:23–27).
      f. രണ്ടു ഭൂതബാധിതരെ സൗഖ്യമാക്കി (8:28–34).
      g. ഒരു പക്ഷപാതരോഗിയെ സൗഖ്യമാക്കി (9:1–8).
      h. മത്തായിയെ വിളിക്കലും മത്തായിയുടെ വിരുന്നും (9:9–13).
      i. ഉപവാസത്തെ കുറിച്ചുള്ള ഒരു ചോദ്യം (9:14–17).
      j. രോഗിയായ സ്ത്രീയെ സൗഖ്യമാക്കുകയും മരിച്ച പെൺകുട്ടിയെ ഉയർപ്പിക്കുകയും ചെയ്തു (9:18–26).
      k. രണ്ടു കുരുടന്മാരെ സൗഖ്യമാക്കി (9:27–31).
      l. ഒരു ഭൂത-ബാധിതനായ മനുഷ്യനെ സൗഖ്യമാക്കുകയും – ഭൂതന്മാരുടെ തലവനെ കൊണ്ട് ആണ് ഇത് നിറവേറി യതെന്ന് ആരോപിക്കപ്പെടുകയും ചെയ്തു (9:32–34).

II. രാജാവ് എതിർക്കപ്പെട്ടു (10:1–16:12).

A. എതിർപ്പ് പ്രതീക്ഷിച്ചിരുന്നു.

1. പ്രത്യേക സേവനത്തിനായി പന്തിരുവരെ ഏർപ്പാടാക്കി (10:1–4).
2. "യിസ്രായേലിലെ കാണാതെ പോയ ആടുകൾ" ക്കുള്ള പരിമിത ആജ്ഞയിൽ – ശിഷ്യത്വത്തിനുള്ള പൊതുവായ നിർദ്ദേശങ്ങളും ഉൾപ്പെടുന്നു (10:5–42). (എതിർപ്പ് പ്രതീക്ഷി ച്ചിരുന്നതിനെ സംബന്ധിച്ച്, വാക്യങ്ങൾ 14, 16–18, 21–25, 28, 34–36, 39 എന്നിവ നോക്കുക.)

B. വിശ്വാസത്തെയും വിശ്വസ്തതയെയും പുകഴ്ത്തി. (ഈ സമയത്ത് യേശുവിന്റെ ശുശ്രൂഷമേൽ ഒരു പൊതുവായ പ്രസ്താവന നടത്തുവാൻ, 11:1 നോക്കുക.)

1. യോഹന്നാന്റെ അന്വേഷണവും – യേശുവിന്റെ പ്രതികരണവും (11:2–19).
2. തന്നെ സ്വീകരിക്കാതിരുന്നവരോടുള്ള യേശുവിന്റെ ശാസനയും, അവനെ അനുഗമിച്ചവരെ പുകഴ്ത്തുന്നതും (11:20–27). (വാക്യം 28–30 ലുള്ള മഹത്തായ ക്ഷണം നോക്കുക.)

C. എതിർപ്പു വർദ്ധിച്ചു. (ഈ സമയത്തെ അവന്റെ ശുശ്രൂഷയിലെ പൊതുവായ പ്രസ്താവനകൾക്കു, 14:34–36 ഉം 15:29–31 ഉം നോക്കുക.)

1. ശബ്ബത്തിനെ കുറിച്ചുള്ള വിമർശനം (12:1–13).
2. അവനെ കൊല്ലുവാൻ ഉള്ള ഗൂഢാലോചന (12:14).
3. ഏറ്റുമുട്ടൽ ഒഴിവാക്കാൻ ശ്രമിക്കുന്നു (12:15–21).
4. ഭൂതങ്ങളുടെ തലവനെ കൊണ്ട് ഭൂതത്തെ പുറത്താക്കി എന്ന കുറ്റം അവനിൽ വീണ്ടും ആരോപിച്ചു (12:22–37).
5. ഒരു അടയാളം കാണിപ്പാൻ അവനോടു വെല്ലുവിളിച്ചു (12:38–45).
6. യേശുവിനോടുള്ള ബന്ധത്തിനു മുഖ്യമായി ദൈവത്തിനു കീഴ്പ്പെടണം (12:46–50).
7. രാജ്യത്തിന്റെ സ്വഭാവത്തെ കുറിച്ചുള്ള യഥാർത്ഥ ഉപമകൾ (13:1–52).
8. നസ്രേത്തിൽ യേശുവിനെ ത്യജിച്ചു (13:53–58).
9. യോഹന്നാൻ സ്നാപകന്റെ മരണം (14:1–12).
10. അയ്യായിരം പേരെ പോഷിപ്പിച്ചു (14:13–21).
11. പത്രൊസിന്റെ വിശ്വാസം ഉലഞ്ഞു (14:22–33).
12. ഗെന്നെസരെത്തിലെ സൗഖ്യമാക്കൽ (14:34–36).
13. കൈ കഴുകുന്നതിനെ കുറിച്ചുള്ള വിമർശനം (15:1–20).
14. ഒരു കനാന്യ സ്ത്രീയുടെ മകളെയും, മറ്റുള്ളവരെയും സൗഖ്യമാക്കി (15:21–31).
15. നാലായിരം പേരെ പോഷിപ്പിച്ചു (15:32–39).
16. വീണ്ടും ഒരു അടയാളം കാണിപ്പാൻ യേശുവിനെ വെല്ലുവിളിച്ചു (16:1–4).

17. പരീശന്മാരുടെയും സദൂക്യരുടെയും സ്വാധീനത്തെ കുറിച്ച് ഒരു മുന്നറിയിപ്പ് (16:5–12).

III. രാജാവിനെ ത്യജിച്ചു കളഞ്ഞു (16:13–27:66).

A. യേശുവിന്റെ മരണത്തെ മുന്നറിയിച്ചു.
1. നല്ല ഏറ്റുപറച്ചിലും – തന്റെ മരണത്തെ കുറിച്ച് യേശുവിന്റെ പ്രവചനവും (16:13–28).
2. മറുരൂപവും – യേശുവിന്റെ മരണത്തെ കുറിച്ചുള്ള മുന്നറിയിപ്പും (17:1–13).
3. ഭൂതം ബാധിച്ച ഒരു കുട്ടിയെ സൗഖ്യമാക്കുകയും – വരുവാനുള്ള യേശുവിന്റെ മരണത്തെ അറിയിക്കുകയും ചെയ്തു (17:14–23).

B. പ്രതീക്ഷിക്കുന്ന ആവശ്യമുള്ള നിർദ്ദേശങ്ങൾ.
1. ചുങ്കം കൊടുക്കുന്നതിനെ കുറിച്ചുള്ള ഒരു ചോദ്യം (മത്സ്യത്തിനകത്തെ നാണയത്തിന്റെ അത്ഭുതവും) (17:24–27).
2. ശിശുക്കളെ കുറിച്ചും താഴ്മയെ കുറിച്ചും ഉള്ള നിർദ്ദേശം (18:1–14; 19:13–15 കൂടെ നോക്കുക).
3. ബന്ധങ്ങളെ കുറിച്ചുള്ള നിർദ്ദേശം (18:15–20).
4. ക്ഷമിക്കുന്നതിനെ കുറിച്ചുള്ള നിർദ്ദേശം (18:21–35).
5. ഉപേക്ഷണത്തെ കുറിച്ചുള്ള ചോദ്യം (19:1–12).

C. യെരുശലേമിനോടു സമീപിച്ചു (19:1, 2 നോക്കുക).
1. ധനികനായ യുവ പ്രമാണിയും – യേശുവിനെ പിൻപറ്റുന്നതിന്റെ പ്രതിഫലവും (19:16–30).
2. തോട്ടത്തിലെ വേലക്കാരെ കുറിച്ചുള്ള ഉപമയും – യേശുവിന്റെ – മരണത്തെ കുറിച്ചു മറ്റൊരു മുന്നറിയിപ്പും (20:1–19).
3. ദാസനാകേണ്ട ആവശ്യവും – മറ്റുള്ളവർക്കുവേണ്ടി മരിക്കുവാനുള്ള യേശുവിന്റെ മനസ്സും (20:20–28).
4. യെരിഹോവിൽ വെച്ച് രണ്ടു കുരുടന്മാരെ സൗഖ്യമാക്കി (20:29–34).

D. അവസാന ആഴ്ച്ച തുടങ്ങി.
1. വിജയകരമായ പ്രവേശനവും ദേവാലയശുദ്ധീകരണവും, തുടർന്ന് യേശുവിന്റെ ശത്രുക്കളാലുള്ള വിമർശനവും (21:1–17).
2. കായ്ക്കാത്ത അത്തിമരത്തെ ശപിക്കൽ (21:18–22).
3. ചോദ്യങ്ങളുടെ ദിവസം (ചൊവ്വ):
   a. യേശുവിന്റെ പ്രവൃത്തികളുടെ അധികാരത്തെ കുറിച്ചുള്ള ചോദ്യം (21:23–27).
   b. മഹാപുരോഹിതന്മാരെയും പരീശന്മാരെയും വിമർശിക്കുന്ന ഉപമകൾ (21:28–22:14).
   c. കൈസർക്കു കരം കൊടുക്കുന്നതിനെ കുറിച്ചുള്ള ചോദ്യം (22:15–22).
   d. പുനരുത്ഥാനത്തെ കുറിച്ചുള്ള ചോദ്യം (22:23–33).

e. ഏറ്റവും വലിയ കൽപനയെ കുറിച്ചുള്ള ചോദ്യം (22:34–40).
f. ഒരു ചോദ്യത്താൽ യേശുവിന്റെ ശത്രുക്കളെ നിശബ്ദമാക്കി (22:41–46).
g. പരീശന്മാർക്കും ശാസ്ത്രിമാർക്കും അയ്യോ കഷ്ടമെന്ന് അറിയിച്ചു (യെരുശലേമിനും) (23:1–39).
h. യെരുശലേം നാശത്തെ കുറിച്ചും രണ്ടാം വരവിനെ കുറിച്ചുമുള്ള ഉപദേശം.
   (1) പ്രവചന സന്ദേശം (24:1–51).
   (2) പത്തു കന്യകമാരുടെ ഉപമ (25:1–13).
   (3) താലന്തുകളുടെ ഉപമ (25:14–30).
   (4) രണ്ടാം വരവിനെ കുറിച്ചും ന്യായവിധിയെ കുറിച്ചുമുള്ള ഉപദേശം (25:31–46).

E. അവസാനം വേഗത്തിലായി.
1. യേശുവിന്റെ മരണത്തെ കുറിച്ചുള്ള മറ്റൊരു മുന്നറിയിപ്പ് (26:1, 2).
2. യേശുവിനെ കൊല്ലുവാനുള്ള ഗൂഢാലോചന വർദ്ധിച്ചു (26:3–5).
3. ബെഥാന്യയിൽ വെച്ച് യേശുവിനെ അഭിഷേകം ചെയ്തു (അവന്റെ മരണം പ്രതീക്ഷിച്ചുകൊണ്ട്) (26:6–13).
4. യേശുവിന്റെ ശത്രുക്കൾ തമ്മിൽ യോജിക്കുന്നു (26:14–16).

F. പെസഹാ പെരുന്നാൾ ആചരിച്ചു.
1. പെസഹപെരുന്നാളിന്റെ ഒരുക്കം (26:17–20).
2. യൂദയുടെ ഒറ്റിക്കൊടുക്കൽ മുന്നറിയിച്ചു (26:21–25).
3. കർത്തൃമേശ സ്ഥാപിക്കുന്നു (26:26–29).
4. ശിഷ്യന്മാരുടെ ചിതറിപ്പോകലും – പത്രൊസിന്റെ തള്ളിപ്പറയലും മുന്നറിയിച്ചു (26:30–35).
5. ഗദ്ശെമന തോട്ടത്തിലേക്ക് (26:36–46).
6. യേശുവിനെ ഒറ്റിക്കൊടുക്കുകയും പിടിക്കുകയും ചെയ്യുന്നു (26:47–56).

G. യേശുവിന്റെ വിചാരണ സഹിച്ചു.
1. കയ്യഫാവിന്റെ മുൻപിൽ (പത്രൊസിന്റെ തള്ളിപ്പറയലും) (26:57–75).
2. പിലാത്തൊസിന്റെ മുൻപിൽ (യൂദയുടെ ആത്മഹത്യയും) (27:1–26).

H. യേശുവിന്റെ മരണവും അടക്കവും വിശദമാക്കി.
1. യേശുവിനെ അടിപ്പിച്ചു വേഗത്തിൽ ഗൊൽഗോഥയിലേക്ക് കൊണ്ടുപോയി (27:27–32).
2. യേശുവിന്റെ ക്രൂശീകരണവും മരണവും (27:33–54).
3. യേശുവിന്റെ അടക്കം – കല്ലറയും "ഉറപ്പാക്കി" (27:55–66).

IV. രാജാവ് ഉയർത്തെഴുന്നേറ്റു (28:1–20)!

A. ഉയർപ്പിനെ കുറിച്ചുള്ള അറിയിപ്പും സ്ത്രീകൾക്കുള്ള യേശുവിന്റെ പ്രത്യക്ഷതയും (28:1–10).

B. ശൂന്യമായ കല്ലറയെ കുറിച്ചുള്ള വ്യാജമായ "വിശദീകരണം" (28:11–15).
C. തന്റെ ശിഷ്യന്മാർക്കുള്ള യേശുവിന്റെ പ്രത്യക്ഷതയും – മഹത്തായ ആജ്ഞ നൽകലും (28:16–20).[25]

---

കുറിപ്പുകൾ

[1]എങ്ങനെയായാലും, ഈ തലവാചകം ഇല്ലാതെ പുസ്തകം ഇതുവരെ വിതരണം ചെയ്തതായി, ക്രിയാത്മകമായ തെളിവില്ല. [2]യൂസേബിയസ് *എക്ളേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3. 34. 16; ഐറേനിയസ് *എഗൈൻസ്റ്റ് ഹെറെസീസ്* 3. 1. 1. [3]മത്തായി ഒരു യെഹൂദനായിരുന്നു; അവൻ ചുങ്കം പിരിക്കുന്ന ഓഫീസിൽ ജോലി ചെയ്തതുകൊണ്ടു (മത്തായി 9:9), അവനു വിവരണങ്ങൾ എഴുതി ശീലമുണ്ടായിരുന്നു. [4]ലേവി എന്നത് അവന്റെ ജനനപേരാണെന്നും പിന്നീട് യേശു അവനു "മത്തായി" എന്ന് പേരിട്ടിരിക്കാം എന്നുമാണ് ചിലർ വിചാരിക്കുന്നത്, അതു യേശു ശീമോന് "പത്രൊസ്" എന്നു പേരിട്ടതുപോലെയുമാണ്. [5]ചുങ്കം പിരിക്കുന്നവന് കെജെവിയിലെ വാക്ക് "പബ്ളിക്കൻ" എന്നാണ്. [6]യൂസേബിയസ് *എക്ളേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 4. 24. 6. [7]മെറിൽ സി. ടെന്നി, *ന്യൂടെസ്റ്റമെന്റ് സർവേ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏഡ്മാൻസ് പബ്ളിഷിങ് കമ്പനി., 1961), 142. [8]ജാക്ക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ്റ്റു മാത്യൂ*, പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി സീരീസ്, എഡി. എവറെറ്റ് ഫെർഗൂസൺ (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ളിഷിങ് കമ്പനി., 1976), 9. [9]എഴുത്തുകാരുടെ വ്യത്യാസമനുസരിച്ച് പഴയ നിയമ വാക്യങ്ങളുടെ എണ്ണത്തിൽ വ്യത്യാസമുണ്ടാകും, എന്നാൽ *ധാരാളമു*ണ്ടെന്ന് എല്ലാവരും സമ്മതിക്കും, അതായത് മത്തായിയുടെ പുസ്തകത്തിൽ *അനവധി* പഴയനിയമ വാക്യങ്ങൾ ഉണ്ട്. [10]ഹെൻറിയെറ്റാ സി. മിയേഴ്സ്, *വാട്ട് ദ ബൈബിൾ ഇസ് ആൾ എബൗട്ട്* (ഗ്ളെൻടെയിൽ, കാലിഫ്.: ഗോസ്പെൽ ലൈറ്റ് പബ്ളിക്കേഷൻസ്, 1996), 355.

[11]ഒന്ന് രാജാക്കന്മാർ 19:16 പ്രവാചകന്മാരെ അഭിഷേകം ചെയ്തതായി സൂചിപ്പിച്ചിരിക്കാം. [12]മിക്ക തർജ്ജിമക്കാരും യോഹന്നാനെ "സ്നാപകൻ" എന്നാണ് പറഞ്ഞിട്ടുള്ളത്. ബൈബിൾ കാലത്തേതിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള ആശയമാണ് ഇന്ന് "സ്നാപകൻ" എന്ന പദത്തിന് ഉള്ളത്. "സ്നാപകൻ" എന്നത് ഗ്രീക്ക് വാക്കിനെ പദം മാറ്റിയതും അതിനർത്ഥം "സ്നാനപ്പെടുത്തുന്നവൻ" എന്നുമാണ്. റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷനും ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷനും "സ്നാപകൻ" എന്നാണ് വാക്കിനെ തർജ്ജിമ ചെയ്തിരിക്കുന്നത്, അതു വില്യം എഫ്. ബെക്ക്, *ദ ന്യൂ ടെസ്റ്റമെന്റ് ഇൻ ദ ലാഗ്വേജ് ഓഫ് റ്റുഡേ* എന്നതിൽ ചെയ്തിരിക്കുന്നതു പോലെയാണ്. ജെ. ബി. റോദർഹാം, *ദ എംഫസൈസ്ഡ് ന്യൂ ടെസ്റ്റമെന്റ്: എ ന്യൂ ട്രാൻസ്ലേഷൻ* എന്നതിൽ "മുക്കുന്നവൻ" എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. ഈ പരമ്പരയിൽ, ഞാൻ യോഹന്നാനെ "സ്നാപകൻ" എന്നാണ് ഉപയോഗിക്കുന്നത്. [13]എറിക്ക് ഡബ്ളിയു. ഹേഡെൻ, *പ്രീച്ചിങ്ങ് ത്രൂ ദ ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടെർവാൻ പബ്ളിഷിങ് ഹൗസ്, 1964), 180. [14]ഗ്ളെൻ ഗ്രേ ആന്റ് റ്റിം വുഡ്റൂഫ്, *ലുക്ക് അറ്റ് ദ ബുക്ക്* (ലിങ്കൺ, നെബ്.: ലിങ്കൺ ചർച്ച് ഓഫ് ക്രൈസ്റ്റ്, 1988), 169. [15]മത്തായിയുടെ പുസ്തകത്തിൽ ക്രിസ്തുവിന്റെ രാജ്യത്തെ കുറിച്ചുള്ള വാക്യങ്ങൾ നൂറിനടുത്ത് ഉണ്ടെന്ന് ചില എഴുത്തുകാർ കണ്ടിരിക്കുന്നു. [16]"സ്വർഗ്ഗ രാജ്യം" എന്ന വാക്ക് സുവിശേഷ വിവരണ എഴുത്തുകാരിൽ മത്തായി മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. [17]ഗ്രേ ആന്റ് വുഡ്റൂഫ്, 169. [18]നമ്മുടെ പഠനം പുരോഗമിക്കുമ്പോൾ നാം അതിനെ കുറിച്ച് കൂടുതൽ പഠിക്കും. യെഹൂദന്മാരിൽ മത്തായി ഊന്നൽ കൊടുത്തതിന്റെ നിഷേധ വസ്തു തകളെ കുറിച്ചും

നമുക്ക് നോക്കാം. യേശു ഒരു വാഗ്ദാന രാജാവായിരുന്നു, എന്നാൽ അവൻ യെഹൂദന്മാർ നോക്കിയിരുന്ന തരത്തിലുള്ള രാജാവായിരുന്നില്ല, അതുകൊണ്ട് അവർ അവനെ തള്ളിക്കളഞ്ഞു. തൽഫലമായി, മത്തായി പുതിയ നിയമത്തിൽ യെഹൂദന്മാർക്ക് എതിരെ പരുഷമായി ചില പ്രസ്താവനകൾ രേഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 23 നോക്കുക). [19]താഴെ കൊടുത്തിരിക്കുന്ന അദ്ധ്യായങ്ങളിൽ മഹത്തായ അഞ്ചു പ്രസംഗ ങ്ങൾ കാണാം: (1) 5–7; (2) 10; (3) 13; (4) 18; (5) 24; 25. [20]ഒരു ശബ്ദസൂചിയിൽ നിന്ന് "ഇടവക" എന്ന വാക്ക് നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയും.

[21]"പള്ളി" എന്നത് ഗ്രീക്ക് വാക്ക് പദം മാറ്റിയതാണ് അർത്ഥം "ഒരുമിച്ചു നയിക്കുക," എന്നാൽ *എക്ലേസിയ* അർത്ഥമാക്കുന്നത് "വിളിക്കപ്പെട്ടവർ" എന്നാണ് (മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഒന്നാകേണ്ടതിന് വിളിക്കപ്പെട്ടവർ). [22]ടെന്നി, 145. [23]മിയേഴ്സ്, 358–69. [24]ജോൺ ഫിലിപ്സ്, *എക്സ്പ്ലോറിങ് ദ സ്ക്രിപ്ച്ചേഴ്സ്* (ലണ്ടൻ: വിക്ടറി പ്രെസ്, 1965), 194–95. [25]മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവയിൽ ഉൾപ്പെട്ടിരിക്കുന്നതിന്റെ സ്വഭാവം നിമിത്തം അവയെ കുറിച്ചുള്ള പുസ്തകങ്ങളിലെ പാഠങ്ങൾക്ക് സാധാരണ കൊടുക്കാറുള്ള "ഉപസംഹാരം" ഞാൻ കൊടുക്കുന്നില്ല. നിങ്ങൾ ഓരോ പ്രാവശ്യവും ബാഹ്യരൂപരേഖ അവതരിപ്പിച്ചു കഴിഞ്ഞ്, പുസ്തകത്തെ ചുരുക്കമായി ആവർത്തിക്കുകയും പിന്നീട് അടുത്ത പാഠത്തിലെ വിഷയം അറിയിക്കുകയും ചെയ്യാം.